# ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് സിഡിഎസ്

## കോവിഡ്കാല പ്രവർത്തനങ്ങൾ

### ആമുഖം

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്കിൽ വളരെ മികച്ച രീതിയിൽ പ്രകടനം കാഴ്ച്ച വെക്കുന്ന സി ഡി എസ് കളിൽ ഒന്നാണ് ശ്രീമൂലനഗരം സി ഡി എസ്. ആകെ 288 അയൽക്കൂട്ടങ്ങൾ,16 എഡിഎസ്, ബാലസഭ 31, വയോജന അയൽക്കൂട്ടം 17, സംഘകൃഷി ഗ്രൂപ്പുകൾ 36, മൈക്രോ സംരംഭങ്ങൾ 41.ഇത്രയും ആണ് സിഡി എസ് ൽ രജിസ്റ്റർ ചെയ്യപ്പെട്ടത്.അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമല്ലാത്ത വളരെ ശോചനീയമായ ഓഫീസ് സംവിധാനം ഉപയോഗിച്ച് കുടുംബശ്രീ പ്രവർത്തനങ്ങൾ വളരെ ഊർജ്ജസ്വലതയോടെ ചെയർപേഴ്സൺ അടക്കമുള്ള ഭരണ സമിതി മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്.



# പ്രധാന പ്രവർത്തനങ്ങൾ

## മാസ്ക് നിർമ്മാണം

കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാസ്ക് നിർമ്മിക്കുന്ന ഗ്രൂപ്പുകൾ വളരെ അടിയന്തിരമായി ഇടപെടൽ നടത്തണമെന്ന ജില്ലാമിഷന്റെ അറിയിപ്പിനെ തുടർന്ന് സിഡിഎസ് ന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട പ്രത്യാശ ME ഗ്രൂപ്പ് 700 മാസ്ക് ജില്ലാമിഷനിലേക്കും 2500 തുണി സഞ്ചികൾ സപ്ലൈക്കോക്കും തയ്ച്ചു നൽകുകയുണ്ടായി. മറ്റ് ME ഗ്രൂപ്പുകളുടെയും സഹായത്താൽ നിർമ്മിച്ച മാസ്കുകൾ മഹിള അസോസിയേഷന്റെയും ജനപ്രതിനിധികളുടെയും സഹായത്താൽ സിഡിഎസ് മെമ്പേഴ്സ് വാർഡ് തലത്തിൽ വിതരണം ചെയ്യുകയുണ്ടായി. ഈ സമയത്ത് ഒരു അധികവരുമാനം ഉണ്ടാക്കാൻ ഈ ഗ്രൂപ്പുകൾക്ക് കഴിഞ്ഞു.



# മുഖ്യമന്ത്രിയുടെ സഹായ ഹസ്തം

കോവിഡ് കാലത്ത് നമ്മുടെ സമൂഹത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ട് വളരെയേറെ ദുരിതം അനുഭവിക്കുന്ന പാവപ്പെട്ട കുടുംബങ്ങളെ സഹായിക്കുന്നതിനായി കേരള സർക്കാർ കൊണ്ടുവന്ന പദ്ധതിയായ സി എം എച്ച് എൽ എസ് ലൂടെ ജില്ലാ മിഷൻ നൽകിയ 24640000/- തുക 249 അയൽക്കൂട്ടങ്ങളിലൂടെ വിതരണം ചെയ്യാൻ കഴിഞ്ഞു. വാർഡ് തലത്തിൽ നടത്തിയ പ്രത്യേക പ്രവർത്തനത്തിലൂടെ തികച്ചും അർഹരായ പാവപ്പെട്ട ആളുകളെ കണ്ടെത്താനും അവർക്ക് 20000/- രൂപ തന്നെ വായ്പയായി നൽകാനും കഴിഞ്ഞു എന്നത് സിഡിഎസ് ന് അഭിമാനിക്കാവുന്ന കാര്യം തന്നെയാണ്.



# കൃഷി വ്യാപനം

കൃഷി വകുപ്പുമായി ചേർന്ന് അയൽക്കൂട്ട അംഗങ്ങൾക്കും സംഘകൃഷി ഗ്രൂപ്പുകൾക്കും ജീവനി പദ്ധതിയുടെ ഭാഗമായി പച്ചക്കറി തൈകൾ വിതരണം നടത്തിയത് വഴി ഓരോ കുടുംബത്തിലും ഓരോ അടുക്കളത്തോട്ടം നിർമ്മിക്കുന്നതോടൊപ്പം വിഷരഹിത പച്ചക്കറി ഉത്പാദനം നടത്തുകയും കൊറോണ കാലത്ത് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യവും കൈവരിക്കാൻ കഴിഞ്ഞത് ഒരു നേട്ടമാണ്. ജില്ലാ മിഷൻ നടത്തിയ " എന്റെ മണ്ണ് എന്റെ അടുക്കളക്ക് എന്റെ പച്ചക്കറി " എന്ന മത്സരത്തിൽ ഇവിടെ നിന്നും നല്ലരീതിയിൽ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്.



# സപ്ലൈക്കോ വഴിയുള്ള കിറ്റ് പാക്കിംഗ്

സപ്ലൈക്കോ വഴിയുള്ള ഭക്ഷ്യ ധാന്യ കിറ്റ് പാക്കിങ്ങിനായിട്ട് സിഡിഎസ് അംഗങ്ങൾ ഉൾപ്പെടെയുള്ള കുടുംബശ്രീ അംഗങ്ങൾ ഒന്നിച്ചു നിന്നുകൊണ്ട് നല്ല രീതിയിൽ പ്രവർത്തിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്.



# പൊതുപ്രവർത്തനങ്ങൾ

ഓരോ അയൽക്കൂട്ട അംഗങ്ങളോടും അവരുടെ ഇപ്പോഴത്തെ അവസ്ഥ ചോദിച്ചു മനസ്സിലാക്കുകയും ബുദ്ധിമുട്ട് ഉള്ളവരെ അവരുടെ മുൻപോട്ടുള്ള ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താനും കഴിഞ്ഞു. കാളിങ് ബെൽ ഗുണഭോക്താക്കളെ ഫോൺകാളുകൾ വഴിയും സിഡിഎസ് മെമ്പർമാരുടെ നേരിട്ടുള്ള ഇടപെടൽ വഴിയും അവരുടെ ബുദ്ധിമുട്ടുകൾ അറിയാനും ശ്രമിച്ചു. ബാലസഭാ കുട്ടികളെ കൃഷി ചെയ്യിപ്പിച്ചതിലൂടെ സ്വന്തമായി കൃഷി ചെയ്യേണ്ടതിന്റെയും വിഷരഹിത പച്ചക്കറിയുടെ ഉല്പാദനത്തിന്റെയും ആവശ്യകത എന്തെന്ന് അവർക്ക് മനസ്സിലാക്കി കൊടുക്കുന്നതോടൊപ്പം അവർക്കൊരു മാനസ്സീക ശാരീരിക ഉല്ലാസത്തിനും വഴിയൊരുക്കി. ഹെൽത്ത് ഡിപ്പാർട്മെന്റിന്റെ ഒപ്പം ചേർന്ന് വാർഡ് തലത്തിൽ നല്ല രീതിയിൽ പ്രവർത്തനം കാഴ്ച വെക്കാനും സിഡിഎസ് ഭരണസമിതിക്ക് കഴിഞ്ഞു.

സിഡിഎസ് ചെയർപേഴ്സൺ : റീജ രാജു ph: 9495129169

എംകെഎസ്പി ബ്ലോക്ക്കോർഡിനേറ്റർ :ജിനി ഗോപി. Ph: 8301036322